**KERALA BANK**
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

2069

No. KSCB/HR/1815/2025-26 09.06.2025

## Registered with A/D

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീമതി. രേഖ ജയൻ,
ക്ലാർക്ക് /കാഷ്യർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്,
കാളിയാർ ബ്രാഞ്ച്,
വണ്ണപ്പുറം പി. ഒ.,
ഇടുക്കി
പിൻ - 685607

മാഡം,

വിഷയം:- ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 09.03.2025-ൽ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
2. 28.03.2025-ൽ നടന്ന ബാങ്ക് അച്ചടക്ക സമിതി യോഗത്തിലെ 4 നമ്പർ തീരുമാനം.

ശ്രീമതി. രേഖ ജയൻ, എന്ന താങ്കൾ ക്ലർക്ക്/കാഷ്യർ തസ്തികയിൽ ബാങ്കിന്റെ ആറ്റിങ്ങൽ ശാഖയിൽ ജോലി ചെയ്തു വരവെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതുമായി ബന്ധപ്പെട്ട് 30.03.2024-ൽ താങ്കൾക്ക് നൽകിയ KSCB/HR/161/2023-24 നമ്പർ കുറ്റാരോപണ മെമ്മോയിൽ താങ്കൾക്കെതിരെ ഉന്നയിച്ചതായ കുറ്റാരോപണങ്ങളിന്മേൽ താങ്കൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ 06.05.2024-ൽ നടന്ന ബാങ്ക് അച്ചടക്ക സമിതി യോഗത്തിലെ 07 നമ്പർ തീരുമാന പ്രകാരം ഒരു എൻക്വയറി ഓഫീസറെ നിയമിച്ച് ഗാർഹിക അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതു പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ അന്വേഷണ നടപടികൾ പൂർത്തീകരിച്ചത് നീതിയുക്തമായും, നിയമാനുസൃതമായും, നിഷ്പക്ഷമായ രീതിയിലുമാണ്. വിചാരണയിൽ താങ്കളുടെ ഭാഗം വിശദമാക്കുന്നതിനും, താങ്കൾക്കെതിരെ ഹാജരാക്കിയിട്ടുള്ള തെളിവുകൾ ഖണ്ഡിക്കുന്നതിനും മതിയായ അവസരം താങ്കൾക്ക് അനുവദിച്ചിരുന്നു. തുടർന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോയിൽ ഉന്നയിച്ചിട്ടുള്ളതായ എല്ലാ ആരോപണങ്ങളും, തെളിയിക്കപ്പെട്ടതായി പ്രസ്താവിച്ചിട്ടുണ്ട്.

**THE KERALA STATE CO-OPERATIVE BANK LTD.**

(A Scheduled Bank)

KERALA BANK
Kerala State Co-operative Bank

എൻക്വയറി റിപ്പോർട്ടും അനുബന്ധ രേഖകളും സൂക്ഷ്മമായി പരിശോധിച്ചതിൽ നിന്നും എൻക്വയറി ഓഫീസർ നൽകിയ റിപ്പോർട്ട് നിരാകരിക്കേണ്ട സാഹചര്യമില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ആകയാൽ സൂചന (2) പ്രകാരം ബാങ്ക് അച്ചടക്ക സമിതി എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് മേൽ വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് യാതൊരു വിശദീകരണവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വാസപൂർവ്വം,

Kerala State Co-operative Bank
Head Office
Thiruvananthapuram

ചെയർമാൻ,
അച്ചടക്ക ഉപസമിതി.

ഉള്ളടക്കം:-
ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്